15 ,, M. Gopalankutty Nair
16 ,, K. Hassan Gani
17 ,, Idiculla
18 ,, A. L. Jacob
19 ,, P. M. Joseph
20 ,, Joseph Chazhikatt
21 ,, Joseph (George)
22 ,, P. S. Karthikeyan
23 ,, K. Kochukuttan
24 ,, T. Krishnan
25 Shri P. Kumaran
26 ,, Kunhambu Kallayan
27 ,, Chippady Kunhikrishnan Nair
28 ,, P. M. Kunhiraman Nambiar
29 ,, Kunhikrishnan Nair
30 ,, M.Kunjukrishnan Nadar
31 Smt. Kusumom Joseph
32 ,, Leela Damodara Menon
33 Shri V. Madura
34 ,, M. M. Mathai
35 ,, C. A. Mathew
36 ,, K. Moideenkutty Haji
37 ,, K. R. Narayanan
38 ,, M. Narayana Kurup
39 ,, E. P. Poulose
40 ,, R. Raghava Menon
41 ,, A. A. Rahim
42 ,, Ponnara G. Sreedhar
43 ,, K. T. Thomas
44 ,, T. A. Thomman
45 ,, M. Umesh Rao
46 ,, K. K. Viswanathan

NOES—61

1 Shri Abdul Majeed
2 ,, C. Achutha Menon
3 ,, C. C. Ayyappan
4 Smt. K. O. Aysha Bai
5 Shri P. Balachandra Menon
6 ,, R. Balakrishna Pillai
7 ,, K. A. Balan
8 ,, N. E. Balaram
9 ,, K. Bhargavan
10 ,, P. Bhaskaran Nair
11 ,, Thoppil Bhaskaran Pillai
12 ,, E. Chandrasekharan Nair
13 ,, P. K. Chathan
14 ,, K. C. George
15 ,, E. P. Gopalan
16 ,, P. Gopalan
17 ,, K. P. Gopalan
18 ,, E. Gopalakrishna Menon
19 ,, K.P R. Gopalan Nambiar
20 Smt. K. R. Gouri
21 Shri R. Govindan
22 ,, P. Govindan Nambiar
23 Shri P. Govinda Pillai
24 ,, R. Janardhanan Nair
25 ,, John Kuduvakkotte
26 ,, Joseph Mundassery
27 ,, A. M. Kaliyanakrishnan Nair
28 ,, Kallalan
29 ,, C. H. Kanaran
30 ,, C. Kannan
31 ,, G. Karthikeyan
32 ,, K. Karunakaran
33 ,, M. K. Kelu
34 ,, P. K. Koru
35 ,, R. Krishnan
36 ,, T. K. Krishnan
37 ,, K. Krishna Menon
38 ,, V. R. Krishna Iyer
39 ,, M. Kumaran
40 ,, E. T. Kunhan
41 ,, P. V. Kunhunni Nayar
42 ,, P. K. Kunjachan
43 ,, P. R Madhavan Pillai

2/676/V.

LIBRARY ARCHIVES Kerala Legislative Assembly

44	Shri	C. K. Narayanan Kutty	53	Smt.	Rosamma Punnoose
45	,,	T. C. Narayanan Nambiar	54	Shri	M. Sadasivan
46	,,	N. Neelakantaru Pandarathil	55	,,	C. G. Sadasivan
47	,,	G. Padmanabhan Tampi	56	,,	E. M. S. Namboodiripad
48	,,	R. Prakasam	57	,,	K. Sivadasan
49	,,	N. Rajagopalan Nayar	58	,,	N. Sivan Pillai
50	,,	T. K. Ramakrishnan	59	,,	V. Sreedharan
51	,,	V. Ramakrishna Pillai	60	,,	R. Sugathan
52	,,	A. K. Ramankutty	61	,,	T. V. Thomas

Mr. Speaker: For the amendment 46 and against the amendment 61. The amendment is lost.

The amendment that Rule 67(2) may be substituted as follows was put and carried :—

"(2) A teacher who is detained in lawful custody, on a criminal charge for a period longer than 72 hours shall be deemed to have been suspended under this rule".

Shri P. M. Kunhiraman Nambiar: Sir, I move:

"In Chapter XIV, clause 68, delete the words 'or the Manager' and add after 'the Headmaster', "who shall get his action ratified by the Manager"."

Shri Joseph Mundasseri: I do not accept it.

The amendment was put and lost.

Mr. Speaker: Before proceeding to the next item I wish to make a very important announcement. As desired by the Leader of the House I propose to have an afternoon sitting just to finish the discussion on the Education Rules. Sunday and Monday shall be holidays. After to-morrow's sitting we will have the next sitting only on Tuesday and that at 2 p.m.

Shri P. T. Chacko: Why this change, Sir?

ശ്രീ കെ. മൊയ്തീൻകുട്ടി ഹാജി : അല്ലെങ്കിൽ ഇങ്ങനെയാണ് കിട്ടാൻ പോകുന്നില്ല.

Mr. Speaker: May be.

Shri P. T. Chacko: There is a rule that in such matters— I am not particular that it should be observed—that the Leader of the Opposition should also be consulted. That is not being done. I want to know why the Leader of the Opposition is not consulted.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇതു പറഞ്ഞപ്പോൾ ഒരു കാര്യം എനിക്ക് മുണ്ടിക്കാണിക്കുവാനുണ്ട്. ഇതുയും ദിവസം Question hour നമ്മൾ നഷ്ടപ്പെട്ടുത്തിയിരിക്കുകയാണ്. തിങ്കളാഴ്ച കപ്ലസ്റ്റ്യൻസ് ഉണ്ട്. അന്നു അവധി കൊടുത്താൽ അന്നത്തെ കപ്ലസ്റ്റ്യൻസ് ഇല്ലാതെ പോകും.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : ഞങ്ങൾ മലബാറിലുള്ള ആളുകളാണ്. ഒരു ദിവസത്തെ ഒഴിവു കിട്ടിയതുകൊണ്ട് ഒന്നും ആയില്ല. പോകാനും വരാനുംതന്നെ സമയമില്ല. അതുകൊണ്ട് ഞങ്ങൾക്ക് നാലു ദിവസമെങ്കിലും ഒഴിവു തരണം.

ശ്രീ. കെ. ഹസൻഗനി : രണ്ടു ദിവസത്തെ ഒഴിവു കിട്ടിയതുകൊണ്ട് നാർത്തു മലബാറിലുള്ള ആളുകൾക്ക് യാതൊന്നും ചെയ്യാൻ കഴുകയില്ല. അതുകൊണ്ട് ഒഴിവു കൊടുക്കുകയാണെങ്കിൽ നാലോ, അഞ്ചോ ദിവസത്തെ ഒഴിവു കൊടുക്കേണ്ടതാണ്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ധാരാളം നിയമനിർമ്മാണ നടപടികളും ഇവിടെ എടുക്കേണ്ടതുകൊണ്ട്, ഈ സഭാസമ്മേളനം കഴിയുന്നതും തുടർച്ചയായി നടത്തണമെന്നുള്ളതാണ് ഞങ്ങളെ സംബന്ധിച്ചിടത്തോളമുള്ള നിലപാട്. എന്നാൽ കോൺഗ്രസ്സ് പാർട്ടിയിലെ ചീഫ് വിപ്പ് 17-ാം, 18-ാം തീയതികളും കല്പനാദിവസങ്ങളാക്കുകയാണെങ്കിൽ മെമ്പറന്മാർക്ക് ഒന്നു നാട്ടിൽ പോയി വരാൻ സൗകര്യമുണ്ടാകുമെന്നും, അതുകൊണ്ട് ആ ദിവസങ്ങളും ഒഴിവാക്കിയാൽ തരക്കേടില്ലാ എന്നും നിർദ്ദേശിക്കുകയുണ്ടായി. അതുപോലെ ബഹുമാനപ്പെട്ട പി. എസ്. പി. മെമ്പർ ശ്രീ. കുഞ്ഞുരാമൻനമ്പ്യാരും രണ്ടു ദിവസത്തെ കല്പനാദിവസം ലഭിച്ചാൽ കൊള്ളാമെന്നു അഭിപ്രായപ്പെട്ടു.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : നാലുദിവസത്തെ കല്പന കിട്ടിയില്ലെങ്കിൽ വേണ്ടാ എന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. ടി. സി. നാരായണൻനമ്പ്യാർ: പക്ഷെ, നിയമനിർമ്മാണ നടപടികളും തുടർന്നുകൊണ്ടുപോകേണ്ടതുകൊണ്ട് ഇതുയും ദിവസം കല്പനാദിവസങ്ങളാക്കുന്നതു് ബുദ്ധിമുട്ടുള്ള കാര്യമാണെന്നും, അതുകൊണ്ട് 18-ാംനു ഹാളിന്റെ ആക്കാമെന്നും സഭാനേതാവു് നിശ്ചയിച്ചതാണ്. അല്ലാതെ, കല്പന വേണമെന്നു് ഈ ഭാഗത്തിരിക്കുന്നവർക്കു് അഭിപ്രായമില്ല.

ശ്രീ. പി. ടി. ചാക്കോ : എന്നാലും, കോൺഗ്രസ്സ് പാർട്ടിക്കു് ചീഫ് വിപ്പില്ല. വിപ്പുകളുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങളും ഞങ്ങളെല്ലാമൊക്കെയായി ആലോചിച്ചു് നടപ്പിൽവരുത്തുന്നതു് നന്നായിരിക്കും. എതായാലും, ഉച്ചതിരിഞ്ഞു് സമ്മേളനം കൂടുന്നതിനോടു യോജിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഈ നിർദ്ദേശം പ്രതിപക്ഷനേതാവിനു സ്വീകാര്യമല്ലെങ്കിൽ ഇതിനെപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കറും, ഈ സഭാനേതാവും പുനഃപരിശോധന ചെയ്യണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ഇടിക്കുള : നാലുദിവസത്തെ ഒഴിവു് എങ്കിലും കിട്ടിയില്ലെങ്കിൽ ഒഴിവിന്റെ ആവശ്യമേയില്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Order, order. Now, my announcement has become the subject of a very intensive and heated discussion and the Leader of the Opposition stated that the Speaker is not consulting the Leader of the Opposition even where it is imperative that such consultation should be made and he said that there are rules also that in such matters the Leader of the Opposition should be consulted. I am not aware of such a rule in our Rules of Conduct of Business. If the Leader of the Opposition can point out to me such a rule I will assure the House that I will never deviate from that rule. I do not want to deviate from any rule which is imperative.

10 a.m.]

The Leader of the Opposition informed the House regarding want of consultation with him in this matter. I do not want to inform the House why I have not consulted him, if I have not consulted, as that is a matter between the Leader of the Opposition and myself.

Shri P T Chacko: There is no such matter between us.

Mr. Speaker: Now, if it is the desire of the House that more leave is necessary or if it is the desire of the House that the suggestion made by the Leader of the House be accepted, it can decide accordingly. I do not want to take a decision on the matter, though I have competence to do it and the House is bound to abide by it. Still, I do not want to exercise it and I put it to the House if the suggestion of the Leader of the Opposition be accepted or not.

Shri P. T. Chacko: I have not made any suggestion excepting that it is very inconvenient to sit in the evenings.

ശ്രീ. കെ. ഹസ്സൻ ഴനി: ഞങ്ങളുടെ അഭിപ്രായവും നമ്മുടെവിടെ. തന്നെ കിട്ടണമെന്നാണ്. അല്ലെങ്കിൽ വേണ്ട.

Mr. Speaker: What has the Deputy Leader of the House to say in regard to the suggestion of the Leader of the Opposition?

Shri C. Achutha Menon: I should like to know what exactly the suggestion of the Leader of the Opposition is, so that we can consider whether in the light of that suggestion any modification can be made or not. As I understand, there is no concrete suggestion made by him.

LIBRARY ARCHIVES Kerala Legislative Assembly

ഈ റൂൾസിന്റെ അവസാനം എന്താണ്ട് എത്താറായി. അതുകൊണ്ട് ഇവിടെ പറയുവാൻ വിചാരിക്കുന്നത് ഇന്നും ഉച്ചതിരിഞ്ഞും, നാളെയും ഇരിക്കാം എന്നുണ്ടെങ്കിൽ ഇത് മുഴുവൻ അവസാനിപ്പിക്കുവാൻ സാധിക്കുമെന്നാണ്.

ശ്രീ. പി. ടി ചാക്കോ : സർ, ചോദിച്ചുകൊണ്ട് എന്റെ അഭിപ്രായം പറയാം. പ്രതിപക്ഷനേതാവിനോട് ചോദിക്കണമെന്നുള്ളത് ഇപ്പോഴാണ് അല്ല. ആലോചിക്കണമെന്നേയുള്ളൂ. ബഡ്ജറ്റ് സെഷൻ കഴിഞ്ഞിട്ടതന്നെ സഭയും കാര്യങ്ങളും നോക്കുവാൻ കാര്യമായ സമയമൊന്നും ഞങ്ങൾക്ക് കിട്ടിയിട്ടില്ല. ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞ അന്നുതന്നെ അടുത്ത സമ്മേളനത്തിന്റെ തീയതി നിശ്ചയിച്ചതിൽ ഞങ്ങൾ ഒബ്ജക്ട് ചെയ്തു. പിന്നെ സഭ കൂടിയപ്പോൾ കാർഷിക ബന്ധബില്ലാണ് ചർച്ചയ്ക്ക് വന്നത്. കാർഷികബന്ധബില്ലിൽ കഴിയുന്നതും വേഗം പാസ്സാക്കണം എന്ന ഉദ്ദേശം ഉണ്ടായിരുന്നതുകൊണ്ട് അതിന്റെ ചർച്ചയെ തടസ്സപ്പെടുത്തുന്നതിനു ഒരു തരത്തിലുള്ള തടസ്സങ്ങളും ഈ ഭാഗത്തുനിന്ന് കൊണ്ടുവരരുത് എന്നു വിചാരിച്ചാണ് ഞങ്ങൾ മിണ്ടാതിരുന്നത്. അങ്ങനെ കാർഷികബന്ധബില്ലിന്റെ ചർച്ച നടന്നുകൊണ്ടിരുന്നതിനിടയ്ക്കാണ് വിദ്യാഭ്യാസ റൂൾസ് ഇവിടെ ആലോചനയ്ക്ക് കൊണ്ടുവന്നത്. അത്യാവശ്യമുള്ള റൂൾസ് കൊണ്ടുവരികയായിരുന്നു വേണ്ടത്. അപ്രകാരം ചെയ്തില്ലെങ്കിലും ഇവിടെ നോട്ടീസ് തന്നിട്ടുള്ള ഭേദഗതികളിൽ ഏതെല്ലാം സ്വീകരിക്കാം, ഏതെല്ലാം സ്വീകരിക്കാൻ നിവൃത്തിയില്ല എന്നതിനെക്കുറിച്ച് മുൻകൂട്ടി ഒരു തീരുമാനമെടുത്ത് മന്ത്രി വന്നിരുന്നെങ്കിൽ അനാവശ്യമായിട്ടുള്ള വാഗ്പ്രതിവാദം ഒഴിവാക്കി റൂൾസ് വേഗം പാസ്സാക്കുവാൻ സൗകര്യം കിട്ടുമായിരുന്നു. ചില ഭേദഗതികളും ഇവിടെ ചർച്ചയ്ക്ക് വന്ന അവസരത്തിൽ മന്ത്രി റൂൾ വായിച്ചിട്ടില്ലെന്നും, അതു മനസ്സിലാക്കിയിട്ടില്ലെന്നും പറയേണ്ടിവന്നതുകൊണ്ട് റൂൾസിനെപ്പറ്റിയുള്ള ചർച്ചകൾക്ക് വളരെ അസൗകര്യം ഉണ്ടായിട്ടുണ്ട്. ഇങ്ങനെ റൂൾസിനെ സംബന്ധിച്ച ചർച്ചകൾക്കിടയിൽ അതു വേഗം അവസാനിപ്പിക്കുന്നതിനു സൗകര്യമില്ലാതിരുന്നതുകൊണ്ട് അംഗങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. നാലു ദിവസം അവധി കിട്ടണമെന്നു പറഞ്ഞു. ഇതു ഒരു സാങ്കേതികമായ കാര്യമാണ്. അതുകൊണ്ട് എന്റെ അഭിപ്രായം ഉച്ചതിരിഞ്ഞു 5 മണിവരെ ഇരിക്കുക എന്നുള്ളതു വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണെന്നാണ്. അതുകൊണ്ട് ഉച്ചകഴിഞ്ഞു സഭ കൂടുന്നതിനെ ഞാൻ എതിർക്കുകയാണ്. അവധി കൊടുക്കുകയാണെങ്കിൽ നാലോ അഞ്ചോ ദിവസത്തെ അവധി കൊടുക്കണം. 18-ാം തീയതി സഭാനേതാവിനു ഇവിടെ ഹാജരാകുവാൻ സാധിക്കുകയില്ലെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ട് അവധി കൊടുക്കണമെങ്കിൽ എല്ലാ അംഗങ്ങൾക്കും വീട്ടിൽ പോയി വരുന്നതിനുള്ള സമയം കൊടുക്കണം. അതിനു നാലു ദിവസത്തെയോ, അതുദിവസത്തെയോ അവധി കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ അത്യാവശ്യമില്ലാതെ കൊണ്ടുവന്നിട്ടുള്ള റൂളുകളെ സംബന്ധിച്ചുള്ള ചർച്ച മാറ്റിവച്ചു കാർഷികബന്ധബിൽ അതുപോലെതന്നെ എടുക്കുക. അനാവശ്യമായി കുറെ റൂളുകളും എഴുതിവച്ച് ഇവിടെ കൊണ്ടുവന്നു സഭയുടെ സമയം വെറുതെ നഷ്ടപ്പെടുത്തുകയാണ്.

ശ്രീ. എം. നാരായണക്കുറുപ്പ് : പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. അവധി കിട്ടുകയാണെങ്കിൽ കുറച്ചുദിവസം കിട്ടണം. അല്ലെങ്കിൽ വേണ്ടാ.

ശ്രീ. കെ. ഹസ്സൻകുട്ടി : ഞാനും പ്രതിപക്ഷനേതാവിന്റെ അഭിപ്രായത്തോടു യോജിക്കുകയാണ്. അവധി ഉണ്ടെങ്കിൽ കുറച്ചുദിവസം കിട്ടണം.

ശ്രീ. സി. അച്യുതമേനോൻ : സർ, ഈ സഭ നീണ്ടുപോകുന്നതിനെക്കുറിച്ച് പല കാര്യങ്ങളും പ്രതിപക്ഷനേതാവു പറഞ്ഞു. അനാവശ്യമായ റൂളുകളും കൊണ്ടുവന്നതാണ് ചർച്ച നീണ്ടുപോകുന്നതിനു കാരണമായത് എന്നൊക്കെ അദ്ദേഹം പറഞ്ഞു. ഈ ചർച്ച ഇങ്ങനെ നീണ്ടുപോകുന്നതിന്റെ കാരണമെന്താണെന്ന് അതു കേട്ടുകൊണ്ടിരിക്കുന്ന അതുകൊണ്ടാണെന്നു പറയാം. ചർച്ച നീണ്ടുപോ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. അച്യുതമേനോൻ]

കുന്നതിനു് അദ്ദേഹം പറഞ്ഞ കാരണങ്ങൾ ശരിയല്ല. സഭ ഇങ്ങനെ നീണ്ടു പോകുന്ന ഇക്കൊണ്ടു് എല്ലാവർക്കും ബുദ്ധിമുട്ടുണ്ടു്. എങ്കിലും ബിസിനസ്സു് നടത്തണമെന്നുള്ള ഉൽക്കണ്ഠകൊണ്ടു് ചൂണ്ടിക്കാണിച്ചും സഭ കൂടണമെന്നു പറയുന്നതാണു്. നാലോ അഞ്ചോ ദിവസത്തെ അവധികൊടുക്കുക എന്നുള്ളതു് അസാധ്യമായ കാര്യമാണു്. അങ്ങനെയാണെങ്കിൽ അവധി വേണമെന്നു് ഞങ്ങളും ആവശ്യപ്പെടുന്നില്ല.

Mr. Speaker: We need not declare 18th as a holiday and so, there need not be afternoon sessions also. It means we will continue according to the programme fixed.

ശ്രീ. പൊന്നറ ജി. ശ്രീധർ: ഇതിനുവേണ്ടിയാണോ വളരെ അധ്വാനം ഹീറോ ഒക്കെ ഉണ്ടാക്കിയതു് ?

Mr. Speaker: It is over now.

Shri P. M. Kunhiraman Nambiar: Sir, I move:

> In Chapter XIV, Rule 69, add the words 'who shall get his action ratified by the District Educational Officer' after the words 'the Manager'.

Shri K. Chandrasekharan: Sir,.....

Mr. Speaker: Please wait. Let me see whether there are other amendments in respect of that rule.

Shri K. Chandrasekharan: No, Sir. That is the only amendment.

I agree with the spirit of the amendment moved by the hon. Member Shri Kunhiraman Nambiar. But may I suggest, Sir, with your permission that in place of the words proposed by him to be added to that Rule, the following be substituted:—

> "who shall get prior approval of his action from the District Educational Officer."

Shri M. Narayana Kurup: One doubt. Here it is stated "The authority which may impose the penalty of censure on a Headmaster shall be the Manager." But what will be the position where the Manager and the Headmaster happen to be the same person; in that case how can manager impose the penalty of censure on the Headmaster ?

Shri P. T. Chacko: May I make a submission, Sir ? I made a statement that the Rules of Procedure prescribed that the Leader of the Opposition should be consulted. I was referring to Rule 18. That refers only to allotment of time for private member's business. So, I regret I was wrong. Rule 18 refers only to the allotment of time for private members' business. It says that the Leader of the Opposition may be consulted on that matter. That was in my mind. So, it was not imperative that the Leader of the Opposition should be consulted on that matter; but, as a matter of precedent it is being done. I made a mistake and I regret for that error.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: Precedents are not being followed here strictly.

Now we will proceed with the amendment of Shri Nambiar. Shri Chandrasekharan suggested a slight change to that amendment. Is the Minister accepting that ?

Shri Joseph Mundasseri: I do not accept the amendment.

Mr. Speaker: Will you be in a position to enlighten Shri Kurup in regard to the doubt expressed by him, i. e., what would happen when the Manager and the Headmaster is the same person.

Shri Joseph Mundasseri: Then there is no question of Manager censuring the Headmaster.

Mr. Speaker: Then who will censure ?

Shri Joseph Mundasseri: Nobody need censure.

The amendment was put and lost.

Shri P. Gopalan: Sir, I move :

> In Chapter XIV A, Rule 70 insert the words "in consultation with the Headmaster and" after the words "the Manager who shall" and before the words "get his action".

Shri T. C. Narayanan Nambiar: Sir, with your permission, I wish to suggest an amendment to Rule 70, i. e., instead of the words "who shall get his action ratified by the Educational Officer" the words "with the previous approval of the District Educational Officer" be substituted in that rule. Those words would be better. That is my humble suggestion.

Mr. Speaker: When an amendment is taken up, ever so many verbal amendments come from all quarters. These rules were before the Members sufficiently long and one could have made a decision as to what should be the amendments necessary.

ശ്രീ. പി. ടി. ചാക്കോ : മിനിസ്റ്റർ തന്നെ അങ്ങനെ ചെയ്യുന്നുണ്ടല്ലോ.

മി. സ്പീക്കർ: ഞാൻ പറഞ്ഞല്ലോ മിനിസ്റ്ററെ ഒഴിച്ചല്ല.

ശ്രീ. പി. ടി. ചാക്കോ : അപ്പോൾ പ്രത്യേകിച്ച് അങ്ങനെ പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഓരോ അമെൻഡുമെൻറ്സ് വേണ്ടെന്നു തീരുമാനിച്ചാൽ അങ്ങനെ ചെയ്യാം. വേണമെന്നാണെങ്കിൽ പിന്നെ പക്ഷേ ഭേദമെന്തിനു ?

Mr. Speaker: All amendments are verbal here.

Shri M. Narayana Kurup: Many of the good amendments are oral amendments.

Mr. Speaker: Mr. Mundasseri, is it the amendment suggested by Shri P. Gopalan or is it the one suggested by Shri T. C. Narayanan Nambiar that you are accepting ?

Shri Joseph Mundasseri: The idea is acceptable; but then, the changes as suggested are not quite in form. So, I may be allowed to redraft that Rule.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : So, Rule 70 will be redrafted.

Shri P. Gopalan : I move :

In Chapter XIV A, Rule 71 insert the words "in consultation with the Headmaster" between the words "Manager" and 'on'

Shri Joseph Mundasseri : Changes have to be made after redrafting.

മി. സ്പീക്കർ: റൂം 76-നെക്കുറിച്ച് എല്ലാം അമെൻഡുമെൻറ്സും ഒരുമിച്ച് മൂവ് ചെയ്യാം.

Shri P. Govinda Pillai: I move :

In Chapter XIV A, Rule 76 (2) delete the provisos (1) and (2) and the Note.

അദ്ധ്യാപകരെ ശിക്ഷിക്കണമെന്നുള്ളപക്ഷം ശിക്ഷിക്കാതിരിക്കാനുള്ള കാരണം ചോദിച്ച് നോട്ടീസ് കൊടുക്കണം. പക്ഷെ ചില സന്ദർഭങ്ങളിൽ അങ്ങനെ കൊടുക്കാതിരിക്കുന്നതിനുള്ള കാരണങ്ങളുണ്ട്. റൂളിൽ കൊള്ളിച്ചിരിക്കുന്നു. എന്നാൽ അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അങ്ങനെ നോട്ടീസ് കൊടുക്കേണ്ട എന്നു പറയുന്നതു് ശരിയായിരിക്കുകയില്ല. റയിൽവേ സ്റ്റീസോ, ഡിഫെൻസ് സ്റ്റീസോ അതുപോലെയുള്ള സ്റ്റീസുകളോ അങ്ങനെങ്കിൽമാത്രമേ അങ്ങനെയുള്ള കർശനമായ വകുപ്പുകൾക്ക് എന്തെങ്കിലും ഒരു ന്യായീകരണമുള്ളൂ. അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം അങ്ങനെ ശിക്ഷിക്കാതിരിക്കാൻ കാരണം ചോദിച്ച് നോട്ടീസ് കൊടുക്കാതെ ശിക്ഷിക്കാൻ പാടില്ല എന്നുള്ളതാണ് എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നതു്.

Shri Joseph Mundasseri : I accept the amendment.

Shri P. Govinda Pillai : I move :

In Chapter XIV A, Rule 76 delete sub-rule (4) and substitute instead :

"(4) A person who is called upon to defend himself against the charges which form the subject matter of an enquiry against him, if he desires shall be allowed to engage the services of (a) a functionary of a recognised association of which he is a member or (b) a counsel in case the Manager or Department engages a counsel on their behalf".

ഇതിൽ ഒരു അദ്ധ്യാപകൻ എതിരായിട്ട് ഒരു അന്വേഷണം വരുന്ന സന്ദർഭത്തിൽ ഒരു വക്കീലിനെ ഏർപ്പെടുത്തിക്കൂടാ എന്നും മാനേജരോ ഡിപ്പാർട്ടുമെൻറോ വക്കീലിനെ ഏർപ്പെടുത്തുകയാണെങ്കിൽ മാത്രമേ അദ്ധ്യാപകനും ഒരു വക്കീലിനെ ഏർപ്പെടുത്താവൂ എന്നും പറയുന്നു. ആ വാദം ഞാൻ പരിപൂർണ്ണമായി അംഗീകരിക്കുന്നു. പക്ഷേ ചില സന്ദർഭങ്ങളിൽ ഈ അദ്ധ്യാപകൻ അംഗമായിരിക്കുന്ന അദ്ധ്യാപകസംഘടനയുടെ പ്രതിനിധിക്കു് അദ്ധ്യാപകനുവേണ്ടി അന്വേഷണക്കമ്മിഷന്റെയോ ഉദ്യോഗസ്ഥന്റെയോ മുമ്പിൽ വാദിക്കാനവകാശം വേണം. ബാങ്കു് എംപ്ലോയീസിനെയും ഇൻഷുറൻസ് എംപ്ലോയീസിനെയുംപോലുള്ള കോസി നവരത്നൻറെ എംപ്ലോയീസിനു് ആ അവകാശം അനുവദിച്ചിട്ടുള്ള സ്ഥിതിക്കു് അദ്ധ്യാപകന്മാർക്കുകൂടി ഈ അവകാശം അനുവദിച്ചുകൊടുക്കുന്നതിനു് അപാകതയില്ല. അതുപ്രകാരം അദ്ധ്യാപകസംഘടനകളുടെ കാര്യകർത്താക്കന്മാർക്കു് അദ്ധ്യാപകനുവേണ്ടി വാദിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എ. മാത്യു: എന്റെ ഭേദഗതി പ്രൊവൈസോമാറണം എന്നുള്ളതാണ്. ശ്രീമാൻ ഗോവിന്ദപ്പിള്ളയുടെ ഭേദഗതി അതിന്റെ ഒരു ഭാഗമാണ്.

മി. സ്പീക്കർ: അതുതന്നെയാണോ?

ശ്രീ. സി. എ. മാത്യു: റൂൾ 76 സബ്-റൂൾ(1)-ന്റെ പ്രൊവൈസോയിൽ പറയുന്നതു് അക്സപ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

Shri K. M. George: I move:

In Chapter XIV, Rule 76(2) second para, in line 2, substitute for the word "heard" with the word "taken".

സർ, അതു് ശകലം വ്യത്യാസമുണ്ട്. മറ്റൊന്നുമല്ല, ഈ 76-ാം റൂളിൽ രണ്ടാം പാരഗ്രാഫിൽ:

"At that inquiry documentary evidence may be adduced and oral evidence shall be heard as to such of the allegations as are not admitted provided that the officer conducting the inquiry may for special and sufficient reasons to be recorded in writing refuse to call a witness" എന്നുപറഞ്ഞിട്ടുണ്ട്. അപ്പോൾ അതിനകത്തു് അടിസ്ഥാനപരമായ പിശകു് തിരുത്തണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഡാക്കുമെൻററി എവിഡൻസു് സ്വീകരിക്കണമെന്നു് ഞാൻ പറയുന്നു. എവിഡൻസു് ആക്ക്യുസറിച്ചു് ഓറൽ എവിഡൻസു് സ്വീകരിക്കാം എന്നുള്ളതു പാടില്ലാ എന്നാണു് ഈ റൂളിലെ വ്യവസ്ഥ. ഓറൽ എവിഡൻസു് രേഖപ്പെടുത്തിയാൽമാത്രമേ പിന്നീടു് വല്ല അപ്പീലോ മറ്റോ കൊടുക്കുന്നതിനു് അതു് സഹായകരമായിത്തീരുകയുള്ളൂ. സമ്മറിക്കേസുകൾക്കുപോലും എവിഡൻസു് രേഖപ്പെടുത്തണം. അതിനു നിയമത്തിൽ പ്രൊവിഷനുണ്ടു്. അപ്പോൾ, ഈ റൂളിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നതു് അടിസ്ഥാനപരമായ ഒരു പിശകാണു്. ഇതു് അദ്ധ്യാപകരെ പ്രതികൂലമായി ബാധിക്കും. അതുകൊണ്ടു് എവിഡൻസു് എടുക്കാം എന്നു പറഞ്ഞിരിക്കുന്ന നിലയ്ക്കു് ഈ ഭേദഗതി സ്വീകരിക്കണം—

"oral evidence shall be taken".

I move also:

"In Chapter XIV, Rule 76(2) second para in line 6, substitute the word "After" with the word "Before".

76-ാം റൂൾ 2-ാം പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു:

"The person charged shall be entitled to cross-examine the witnesses called. After the inquiry has been completed, the person charged shall be entitled to put in, if he so desires, any further written statement of his defence".

എൻക്വയറിക്കുശേഷം ഒരു റിട്ടൺ സ്റ്റേറ്റുമെൻറു് എടുക്കണം എന്നു പറയുന്നതുകൊണ്ടു് പ്രയോജനമില്ല. ഓറൽ എവിഡൻസും ഡാക്കുമെൻററി എവിഡൻസും എടുക്കുന്നതിനുള്ള ഭാഗത്തിനുമുമ്പായി, ആ ഒരു വാക്കു് "Before" എന്നാക്കിയാൽ പ്രയോജനമില്ല. അതു ഭേദഗതി ചെയ്തില്ലെങ്കിൽ അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം വലിയ വിഷമങ്ങൾക്കു് കാരണമാകും. തെളിവുകളെല്ലാം സ്വീകരിച്ചതിനുശേഷം അതു് ഒരു പത്രികയായി സ്വീകരിക്കണമെന്നുള്ളതു മാത്രമാണു് റിട്ടേൺസ്റ്റേറ്റുമെൻറു് കൊടുത്തുകൊള്ളണം എന്നാണു വേണ്ടതു്.

I move:

"In Chapter XIV, Rule 76(2), para 4 after the words "findings and the grounds thereof" delete the rest of the sub-rule".

LIBRARY ARCHIVES Kerala Legislative Assembly

ഈ 76-ാംറൂളിൽ നാലാമത്തെ പാരഗ്രാഫിൽ പറയുന്നത്:

"The proceedings shall contain a reasonably sufficient record of the evidence and a statement of the findings and the grounds thereof. In cases where the Inquiring Officer comes to a conclusion that the charges have not been made out, he shall in addition record a further finding as to whether in his opinion the teacher is free from any blame'.

അപ്പോൾ ഈ അന്വേഷണത്തിന്റെ എല്ലാം ഫലമായിട്ട് അന്വേഷണം പൂർത്തിയാക്കിയശേഷം കുറക്കാരനല്ല, അദ്ധ്യാപകൻ നിരപരാധിയാണ് എന്നകണ്ടതിനുശേഷം എൻക്വയറി ആഫീസർ ഒരു further finding, എഴുതണം എന്നാണ് പറയുന്നത്. തെളിവിന്റെ അടിസ്ഥാനത്തിലും, രേഖയുടെ അടിസ്ഥാനത്തിലും കുറക്കാരനല്ല എന്ന കണ്ടതിനുശേഷം എൻക്വയറി ആഫീസർ ഈ അദ്ധ്യാപകൻ കുറക്കാരനാണോ എന്നു അദ്ദേഹം സ്വന്തമായി ഒരു ഫൈൻറിംഗ് എഴുതുക എന്നുള്ളതു് ഇതേവരെ നാം കേട്ടിട്ടുള്ള ഒരു നടപടിയല്ല. എന്നാൽ ഈ അദ്ധ്യാപകനെപ്പറ്റി അങ്ങനെ ഒരു ഫൈൻറിംഗ് രേഖപ്പെടുത്തണമെന്നു പറയുന്നതു് യാതൊരു ഫണ്ടമെൻറൽ റൈറ്റ്സിനും യോജിച്ചതല്ല. അങ്ങനെയുള്ള വിചിത്രമായ ഫൈൻറിംഗ്സ് വേണമെന്നുള്ളതും ഡിലീറ്റ് ചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

[Deputy Speaker in the Chair]

Shri M. Narayana Kurup: I move:

In Chapter XIV (A), Rule 76 (2) delete the second sentence of paragraph 4.

അതായത്, "in cases where the Inquiring Officer comes to the conclusion that the charges have not been made out, he shall in addition, record a further finding as to whether in his opinion the teacher is free from any blame" എന്ന ഭാഗം എടുത്തുകളയണം.

ഇതു് മി. കെ. എം. ജോർജ്ജിന്റെ ഭേദഗതിതന്നെയാണ്. പക്ഷെ വേറെ രൂപത്തിൽ പറഞ്ഞു എന്നമാത്രമേയുള്ളൂ. ഞാനും അദ്ദേഹം ഉന്നയിച്ച വാദഗതിയിൽ കൂടുതൽ ഒന്നും പറയുന്നില്ല. കുറക്കാരല്ലെന്നു കണ്ടതിനുശേഷം രണ്ടാമതൊരഭിപ്രായം രേഖപ്പെടുത്താൻ പറയുന്നതു ശരിയല്ല. അതുകൊണ്ടു് അതു് എടുത്തുകളയണം.

മറ്റൊരു സംഗതി, അല്ലെങ്കിൽ സംശയം, മി. ഗോവിന്ദപ്പിള്ള ഇവിടെ പറഞ്ഞ സംഗതിയെ സംബന്ധിച്ചുള്ളതാണ്. അദ്ദേഹം പറഞ്ഞതു് അദ്ധ്യാപകന്മാർക്കു് അദ്ധ്യാപക സംഘടനയുടെ ഫംഗ്ഷണറിസിനെ അദ്ധ്യാപകനുവേണ്ടി ഹാജരാകാൻ അനുവദിക്കണമെന്നു പറഞ്ഞതിനെ സംബന്ധിച്ചാണ്. സർ, ഇതിൽ ഗവണ്മെൻറു് ഒരു വ്യക്തിയുടെ പേരിലാണ് ഈ ചാർജ്ജു് അന്വേഷണമൊക്കെ നടത്തുന്നതു്. അതു് അദ്ധ്യാപകന്മാരുടെ പൊതുതത്പരങ്ങളെ പ്രതിനിധീകരിക്കുന്ന ഒന്നല്ല. ഏതാണ്ടു് ഈ ഗവണ്മെൻറു് സപ്ലീസു് കാൺടക്റ്റ് റൂൾസു് ഒട്ടുമുക്കാലും ബാധകമാക്കുന്ന അ നിലവാരത്തിലാണ് ഇന്നു് അദ്ധ്യാപകന്മാരുടെ നില. അപ്പോൾ പ്രത്യേക വ്യക്തികളുടെ പേരിൽ ഇങ്ങനെയുള്ള ആരോപണങ്ങൾ വരുമ്പോൾ അവർ ഹാജരാകുക, അല്ലെങ്കിൽ അനുവദിക്കപ്പെടുന്ന അവസരങ്ങളിൽ വക്കീൽ മുഖാന്തരം ഹാജരാകുക. മാനേജരന്മാർ വക്കീലിനെ ഏർപ്പെടുത്തിയാൽ അദ്ധ്യാപകനും

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്താം. ഞാൻ മനസ്സിലാക്കുന്നത് അദ്ധ്യാപകന്മാരുടെ സംഘടനകളുടെ ഭാരവാഹികളും മുഴുവൻ അദ്ധ്യാപകന്മാരല്ല. അപ്പോൾ മറ്റു ഫംഗ്ഷണറീസ് ഹാജരാകാൻ സമ്മതിച്ചാൽ വക്കീലന്മാരെ അനുവദിക്കാത്ത ഒരു സന്ദർഭത്തിൽ വക്കീലന്മാരെ അനുവദിക്കുന്നതായിരിക്കും ഫലം. "In which he is a member" എന്നുമാത്രമേ പറയുന്നുള്ളൂ. സ്കൂളുകളിലേയോ പ്രാദേശികമായിട്ടുള്ളതോ ഏതു ഭാരവാഹികളാണെന്നു വ്യക്തമാക്കിയിട്ടില്ല. അങ്ങേഹം അംഗീകരിച്ച തത്വത്തിനു വിരുദ്ധമായ കാര്യംതന്നെ ഇതിൽ ഉൾക്കൊള്ളുന്നുണ്ടെന്നും ഇന്നത്തെ നിലയിൽ ഒരു വ്യക്തിയുടെ പേരിലുള്ള അന്വേഷണം നടക്കുമ്പോൾ അതു സംഘടനയുടെ പേരിൽ പൊതുപ്രതിനിധ്യമുള്ള ആളെ ഹാജരാക്കുന്നതിനനുവദിക്കുന്നതു ആശാസ്യമാണോ എന്നു മന്ത്രി ആലോചിക്കേണ്ടതാണു. അതിന്റെ വ്യാപ്തി ചുരുക്കാനിക്കുകമാത്രമാണു ഞാൻ ചെയ്യുന്നതു.

Shri T. C. Narayanan Nambiar: Sir; I move:

"In Chapter XIV (A), Rule 76 (2) proviso (2) and the note below it to be deleted and item (3) be altered as item (2).

അദ്ധ്യാപകനെ ഡിസ്മിസ് ചെയ്യാനും നീക്കം ചെയ്യാനും അവരുടെ Rank reduce ചെയ്യാനും അധികാരമുള്ളവർ അങ്ങനെ ചെയ്യുമ്പോൾ അയാളുടെ പേരിൽ എഴുതിവച്ചിട്ടുള്ള കാരണങ്ങൾ എന്താണെന്നും അവരെ സംബന്ധിച്ചിടത്തോളം അവക്കു പറയാനുള്ളതു പറയാൻ അവർ നിരപരാധികളാണെന്നു തെളിയിക്കാനുള്ള അവസരം കൊടുക്കണമെന്നില്ലെന്നു അനുശാസിക്കുന്ന ഒന്നാണിതു. മുമ്പുണ്ടായിരുന്ന നിയമമാണിതു. മദ്രാസു് എഡ്യുക്കേഷൻ റൂൾസിൽ ഉണ്ടായിരുന്നു. അതു തുടരാൻ പാടില്ല. അതാവശ്യമില്ലാത്തതാണു. അതുകൊണ്ടു് അതു ഡലീറു ചെയ്യണം.

Shri P. T. Chacko: Sir, I move the following amendments:–

(1) In Chapter XIV (A), Rule 76 (1) be deleted.

(2) In Chapter XIV (A), Rule 76 (2) the words "items (iii), (vi), (vii) and (viii) of" be deleted.

(3) In Chapter XIV (A), Rule 76 (2) proviso and the note be deleted.

(4) In Chapter XIV (A), Rule 76 (3) delete the following—
"(i) The Manager; or
(ii) The Educational Officer".

(5) In Chapter XIV (A), Rule 76 (4) the following be substituted:

"(4) A person who is called upon to defend himself against the charges which forms the subject matter of the inquiry against him shall be allowed to engage a counsel" and delete the proviso.

സർ, ഇതിൽ ആദ്യത്തെ അമൻഡുമെന്റു് സബ്റൂൾ 1 ഡലീറു ചെയ്യാനാണു്. അതിനുള്ള കാരണം, ആ റൂളിലെ ചില അയിറ്റങ്ങളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കു് അദ്ധ്യാപകനു് തെളിവുകൊടുക്കുന്നതിനും ഡിഫൻഡു ചെയ്യാനും അവകാശം നൽകിയിട്ടില്ലാത്തതുകൊണ്ടാണു്. ഇങ്ങനെ അയിറ്റങ്ങൾ തിരിക്കേണ്ട ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. എല്ലാ കാര്യങ്ങളെ സംബന്ധിച്ചും എൻകുയറി നടത്താനും തെളിവു കൊടുക്കാനും അദ്ധ്യാപകനു് അവകാശം കൊടുക്കുകയും വേണം. ഇതിൽ ആദ്യത്തെ ഭാഗത്തു് റിപ്രസന്റേഷൻ കൊടുക്കാമെന്നു പറയുന്നു. അതിനു് സഹകർമ്മിയില്ലാത്ത ചുറ്റുപാടുകളിൽ അതും വേണ്ടെന്നാണു് പറഞ്ഞിരിക്കുന്നതു്. അപ്പോൾ അദ്ധ്യാപകനെ സെൻഷ്വർ ചെയ്യുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly

പെൻഷൻകാര്യമായാലും റാങ്കിന്റെ കാര്യമായാലും സീനിയോറിട്ടി പ്രശ്നമായാലും അദ്ധ്യാപകനിൽനിന്നും ഏതെങ്കിലും ഉദ്യോഗസ്ഥനു കുറെ പണം ഇടാക്കാനുള്ള കാര്യത്തിലായാലും അദ്ധ്യാപകന്റെ നിലപാടു തെളിയിക്കാനുള്ള അവകാശം ഈ റൂളിൽ കൊടുക്കുന്നില്ല. ആ അവകാശം അദ്ധ്യാപകനു വേണ്ടതാണു.

"In every case where it is proposed to impose on the teacher any of the penalties specified in items (iii), (vi), (vii) and (viii) of Rule 65, the grants on which it is proposed to take action shall be reduced to the form of a definite charge or charges!'.

അപ്പോൾ അദ്ധ്യാപകന്റെ പേരിൽ ശിക്ഷ നടത്തണമെങ്കിൽ ചാർജ്ജു ഫ്രെയിം ചെയ്യണം. ആ ചാർജ്ജു തെറ്റാണെങ്കിൽ അതു പറയാൻ അദ്ധ്യാപകനു അവസരം കൊടുക്കണം. അതു വളരെ ഫണ്ടമെന്റലായ ഒരു കാര്യമാണു. അദ്ധ്യാപകന്റെ സീനിയോറിട്ടി നഷ്ടപ്പെടുന്നതു നിസ്സാരകാര്യമല്ല. അതുപോലെ അദ്ധ്യാപകന്റെ പെൻഷൻ കുറയ്ക്കുന്നതും നിസ്സാരകാര്യമല്ല. അദ്ധ്യാപകന്റെ പേരിൽ ആരോപണം കൊണ്ടുവന്നാൽ ആ ആരോപണം തെറ്റാണെന്നു പറയാൻ അവസരം കൊടുക്കാത്ത ഈ വകുപ്പു നീതിവിരുദ്ധമാണു. അതുകൊണ്ടാണു ഈ രണ്ടു ഭേദഗതികളും അവതരിപ്പിച്ചിട്ടുള്ളതു.

മൂന്നാമത്തെ ഭേദഗതി ശ്രീ. ഗോവിന്ദപ്പിള്ള അവതരിപ്പിച്ചതു സചീകരിച്ചുകഴിഞ്ഞതാണു. കൂടുതലായി അതിനെപ്പറ്റി പറയാനില്ല.

അടുത്ത ഭേദഗതി 76 (2) proviso (3)ൽ മാനേജർ എന്നുള്ളതും എഡ്യൂക്കേഷനൽ ആഫീസർ എന്നതും എടുത്തുകളയണം. കാരണം, അദ്ധ്യാപകന്റെ പേരിലുള്ള എൻക്വയറി മാനേജർ നടത്തുന്നതു തെറ്റാണു. പല പ്പോഴും മാനേജുമെന്റുമായിട്ടുള്ള അഭിപ്രായവ്യത്യാസമായിരിക്കും കേസിനാസ്പദമാകുന്നതു. അപ്പോൾ മാനേജർതന്നെ എൻക്വയറി നടത്തുന്നതു ശരിയല്ല. കുറക്കാരൻ യഥാർത്ഥത്തിൽ കുറക്കാരനല്ലെങ്കിലും മാനേജരുടെ വീഴ്ചയായിരിക്കാനാണെള്ളപ്പം. അതുകൊണ്ടു മാനേജരും അവശ്യമില്ല. എഡ്യൂക്കേഷനലാഫീസറുമാവശ്യമില്ല. എഡ്യൂക്കേഷനലാഫീസർ അവശ്യമില്ലെന്നു എനിക്കഭിപ്രായമില്ല. "An officer of the Department appointed by the District Educational officer or the Director" എന്നു പറയുമ്പോൾ എഡ്യൂക്കേഷനലാഫീസർ എന്ന സചാഭാവികമായി വന്നുചേരും.

അവസാനമായി അദ്ധ്യാപകനു എല്ലാ കേസുകളിലും വക്കീലിനെ ഏർപ്പെടുത്താൻ അനുവദിക്കണം. ഞാൻ ഇതു പറയാൻ കാരണം മാനേജർക്കു കൗൺസലിനെ വയ്ക്കാൻ അവകാശം കൊടുക്കുന്നു. അപ്പോൾ മാനേജർ കൗൺസലിനെ വയ്ക്കുകയാണെങ്കിൽ അദ്ധ്യാപകനും വയ്ക്കാമെന്നു പറയുന്നു. രണ്ടുപേർക്കും ആകാമെങ്കിൽ വിരോധമില്ല. ഒരു കേസ്സിൽ മാനേജർക്കു കൗൺസലിനെവച്ചു ഡിഫൻറ ചെയ്യേണ്ട ആവശ്യമില്ലായിരിക്കും. അതേസമയം അദ്ധ്യാപകനു ഡിഫൻറ ചെയ്യേണ്ട ആവശ്യമുണ്ടെന്നാണും. അങ്ങനെ വരുമ്പോൾ മാനേജർക്കു ഒരു ഡിസ്ക്രിഷൻ കൊടുക്കുന്നതു അദ്ധ്യാപകനു ദോഷമായിരിക്കും. മാനേജർക്കു ആ ഡിസ്ക്രിഷൻ പാടില്ല. അതുകൊണ്ടു ഈ ഭേദഗതി സചീകരിക്കണമെന്നപേക്ഷിക്കുകയാണു.

Shri Joseph Mundasseri: In the light of the various suggestions made I agree to delete the proviso to sub-rule (1). I am also prepared to take away the words "Manager or Educational Officer"; and have the whole thing re-drafted. So, Rule 76 may be held over for re-drafting.

The Rule was held over.

LIBRARY ARCHIVES Kerala Legislative Assembly

Shri P. T. Chacko : In Chapter XIV (A), Rule 77 the words after the words "with certified copies thereof if he so desires" be deleted.

മി. നാരായണക്കുറുപ്പ് അയച്ചിട്ടുള്ള ഭേദഗതിയേക്കാൾ ഞാൻ ഒരു സ്റ്റെപ്പ് കൂടി മുമ്പോട്ടു പോവുകയാണ്. ഇതു് അടിസ്ഥാനപരമായ ഒരവകാശമാണെന്നാണ് എന്റെ അഭിപ്രായം. ഒരദ്ധ്യാപകനു് എതിരായി എൻക്വയറി നടത്തി ചാർജ്ജ് ഫ്രെയിം ചെയ്തുകഴിഞ്ഞാൽ യഥാർത്ഥത്തിൽ സകലതിന്റെയും കാപ്പി അയാൾക്കു് കൊടുക്കേണ്ടതാണ്. ഇതിൽ പറയുന്നതു് ആ അദ്ധ്യാപകനു് ആ റിക്കാർഡു് മുഴുവൻ നോക്കാൻ അവകാശമുണ്ടായിരിക്കും. വേണമെന്നു് അദ്ധ്യാപകൻ ആവശ്യപ്പെട്ടാൽ ഒരു കാപ്പി കൊടുക്കാം. ചില കേസുകളിൽ അങ്ങനെ കൊടുക്കാതിരിക്കയും ചെയ്യാം. ഈ അവസാനത്തെ ഭാഗം എടുത്തുകളയണമെന്നാണ് എന്റെ ഭേദഗതി. ഈ സ്റ്റേറിന്റെ സെക്യൂരിട്ടിക്കു് അപകടം വരുന്നതരത്തിലുള്ള കേസുകളൊന്നും അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളമുണ്ടാകയില്ല. അഥവാ അങ്ങനെയുണ്ടാകുമെന്നു് റിപ്പോർട്ടു കിട്ടിയാൽത്തന്നെയും ഒരു കാപ്പി കൊടുക്കുന്നതുകൊണ്ടു് വിരോധമില്ല. ഒരദ്ധ്യാപകന്റെ പേരിൽ ഒരു കേസു് ചാർജ്ജു് ചെയ്തുകഴിഞ്ഞാൽ അയാളുടെ നിരപരാധിത്വം തെളിയിക്കുവാനുള്ള അവകാശം പ്രതിക്കു് കൊടുക്കരുതെന്നു പറയുന്നതു് നാചുറൽജസ്റ്റീസിനു് വിരുദ്ധമാണ്. അതും ഭരണഘടനാവിരുദ്ധവുമാണ്. എല്ലാറ്റിനും ഭരണഘടന എടുത്തുപറയണമെന്നില്ലല്ലോ എന്നു കരുതി പറയാതിരിക്കുകയാണ്. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഭേദഗതി സ്വീകരിക്കുന്നില്ല.

Shri M. Narayana Kurup: Sir; I move :—

"In Chapter XIV (A), Rule 77 substitute the following for the second sentence :

> "However, if such a record is one for which the Government or any officer of Government is responsible and the Government considers that its disclosure will not be in public interest, the teacher shall not be entitled to have access to the record or to get a copy of it and he shall be informed accordingly". "

Shri Joseph Mundasseri : I accept the amendment.

The amendment was put and carried.

The amendment moved by Shri P. T. Chacko was put and lost.

Shri T. C. Narayanan Nambiar : I move :

"In chapter XIV (a) Rule 83 delete in line 3, "shall contain no disrespectful or improper language". "

മാഡം, ഈ ഭേദഗതികൊണ്ടു് ഞാൻ ഉദ്ദേശിക്കുന്നതു്, ശിക്ഷിക്കപ്പെട്ട അദ്ധ്യാപകൻ അപ്പീൽ കൊടുക്കുമ്പോൾ ആ അപ്പീലിനു നിദാനമായ വാദമുഖങ്ങളേയും, ന്യായങ്ങളേയുംപറ്റി അയാൾക്കു പ്രതിപാദിക്കേണ്ടിവരും. അതിനുപയോഗിക്കുന്ന ഭാഷ ഇന്നതരത്തിലായിരിക്കണമെന്നു് ഇങ്ങനെയൊരു ചട്ടംമൂലം നിയന്ത്രിക്കേണ്ടതില്ലെന്നാണ്. ആ അപ്പീൽമൂലം അയാൾക്കു് എന്തെങ്കിലും പ്രയോജനം ഉണ്ടാകണമെന്നു താൽപ്പര്യമുണ്ടായിരിക്കുമല്ലോ. അതുനിലക്കു് അത്തരത്തിലുള്ള ഭാഷയേ സ്വാഭാവികമായി ഉപയോഗിക്കാൻ ഇടയുള്ളൂ. ഇങ്ങനെയൊരു നിയന്ത്രണത്തിന്റെ ആവശ്യംതന്നെ വരുന്നില്ല. ഈ ഭാഗം ഡിലീറ്റുചെയ്യണമെന്നാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എ. തൊമ്മൻ : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു്. സിവിൽ കോടതികളിൽ അപ്പീൽ അപേക്ഷകളിൽ ഇങ്ങനെ മര്യാദയുള്ള ഭാഷ ഉപയോഗിക്കണമെന്നു് പ്രത്യേകം നിഷ്കർഷിക്കുന്നുണ്ടു്. അങ്ങനെയുള്ള വ്യവസ്ഥ കോടതികളിൽ ആകാമെങ്കിൽ ഇതിലും സ്വീകരിക്കുന്നതു നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

Shri Joseph Mundasseri : I would like to put it like this. "Is properly worded". I think it will satisfy the spirit behind the amendment moved by Mr. T. C. Narayanan Nambiar.

Shri T. C. Narayanan Nambiar : I am satisfied.

ശ്രീ. സി. അച്യുതമേനോൻ : ഇതൊരു നന്നാക്കലാണോ എന്നു സംശയിക്കുന്നു. ഇപ്പോൾ ഇരിക്കുന്ന മട്ടിലായാൽ ഒരു അപകടവുമില്ലെന്നാണു് തോന്നുന്നതു്.

ശ്രീ. എം. നാരായണക്കുറുപ്പു് : ഇപ്പോഴത്തെ wording കൊണ്ടു് അദ്ധ്യാപകരുടെ അഭിജാത്യത്തിനു യാതൊരു ഉയനവും ഹാനിയും തട്ടുകയില്ലെന്നാണു് എനിക്കു തോന്നുന്നതു്.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഞാൻ ഇതു പറയാൻ കാരണമുണ്ടു്. പല ഡിപ്പാർട്ട്മെന്റുദ്യോഗസ്ഥന്മാരും അപ്പീൽ അപേക്ഷകളിൽ അതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ ശരിയല്ല, മര്യാദയുള്ളതല്ല എന്ന കാരണം പറഞ്ഞു് നിരസിച്ചിട്ടുള്ളതായും, ആ കാരണം പറഞ്ഞു് അപ്പീൽ അപേക്ഷയ്ക്കു എതിരായി തീരുമാനം ഉണ്ടായിട്ടുള്ളതായും അനുഭവങ്ങളുണ്ടു്. അതിന്റെ വെളിച്ചത്തിലാണു് ഈ ഭേദഗതി അവതരിപ്പിച്ചിട്ടുള്ളതു്.

Shri Joseph Mundassery : If my suggestion is not acceptable I am prepared to change it into "shall contain no offensive language."

ശ്രീ. പി. ടി. ചാക്കോ : ഇതിൽ അത്ര ആശങ്കയുടെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോൾ ഇരിക്കുന്നതുപോലെ ആയാൽ അപകടമൊന്നുമില്ല.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഭാഷയുടെ കാരണം പറഞ്ഞു് അപ്പീൽ നിരസിച്ചതായി പറഞ്ഞു. ആ കാരണംകൊണ്ടു മാത്രം അങ്ങനെ നിരസിക്കരുതെന്നുകൂടി ചേർത്താൽ മതിയല്ലോ. ആ കാരണത്താൽ റിജക്റ്റ് ചെയ്യാതിരിക്കാൻ, 'improper' എന്നോ മറ്റോ ചേർത്താൽ മതിയാകും. അല്ലെങ്കിൽ അതിനേക്കാളും കഠിനമായ 'offensive language' എന്നോ മറ്റോ ചേർത്താൽ മതി.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഈ ഭേദഗതിയുടെ ആവശ്യമില്ലെന്നു സഭയിൽ പൊതുവെ അഭിപ്രായം ഉണ്ടായിരിക്കുകയാണു്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെയുള്ള ബഹുമാനപ്പെട്ട പല മെമ്പറന്മാരും ഇതു് ആവശ്യമില്ലെന്നുള്ള ഒരു നിലപാടാണു് സ്വീകരിച്ചിരിക്കുന്നതെന്ന കാരണത്താൽ ഞാൻ ഇതു പിൻവലിക്കാൻ തയ്യാറാണു്.

Deputy Speaker : Are you pressing your amendment ?

Shri T. C. Narayanan Nambiar : No.

The amendment was, by leave, withdrawn.

Shri K. M. George : Sir, I move that "In Chapter XIV Rule 84 be deleted."

സർ, റൂൾ 83 ഉൾപ്പെടെയുള്ള പല റൂളുകളും പരിശോധിച്ചാൽ, 84-ാമത്തെ റൂൾ അവശ്യമില്ലാത്തതാണെന്നു കാണാം. അതുകൊണ്ടു് 84-ാമത്തെ റൂൾ ഉപേക്ഷിക്കണമെന്നാണു് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

Shri E. P. Poulose : Sir, I support the amendment. Rule 84 says "An appeal may be withheld by an authority not lower than the authority from whose order it is preferred....". That is an infringement of the right of appeal itself. The power for decision for appeal is conferred on the person who passes the order. That is too much. It will be cutting at the root of right of appeal itself. "An appeal may be withheld by an authority not lower than the authority from whose order it is preferred". That is to say, a person of equal authority may withhold an appeal. That seems to be *prima facie* absurd and so it has to go. If it is an appeal in a case in which under these rules no appeal lies, then the appeal may be withheld. Then, if it does not comply with the provisions of Rule 83 or it is not preferred within two months after the date on which the appellant was informed of the order appealed against, and no reasonable cause is shown for the delay, the appeal may be withheld. The right to grant an appeal should be given to the appellate authority and not to the authority which passed the previous order. It is an extraordinary power that is given under this Rule and so it should certainly go.

ശ്രീ. പി. ടി. ചാക്കോ: സർ, ഈ ഭേദഗതിയോടു് ഞാൻ യോജിക്കുകയാണു്. റൂൾ 84, 85, 86, 87 ഇതെല്ലാം ഒന്നു മോഡിഫിക്കേഷൻ വരുത്തണം. ഇതിൽ പറയുന്നതു് : if—

84 (i) "it is an appeal in a case in which under these Rules no appeal lies, or"

അങ്ങനെയാണെങ്കിൽ അപ്പീൽ അല്ലെന്നുപറഞ്ഞു് അതു തള്ളിയാൽ മതി. if—

(ii) "it does not comply with the provisions of Rule 83, or"

അതും അങ്ങനെ തള്ളാവുന്നതാണു്. if—

(iii) "it is not preferred within two months after the date on which the appellant was informed of the order appealed against and no reasonable cause is shown for the delay ;

അതും ലിമിറ്റേഷൻവച്ചാൽ തള്ളാം. if—

(iv) "it is a repetition of a previous appeal and is made to the same appellate authority by which such appeal has been decided ;

ഇതിൽ അപ്പലേറ്റ് അതോറിറ്റി ആരായിരിക്കണമെന്നു വ്യക്തമായി പറയുന്നില്ല. എഡ്യൂക്കേഷൻ ആഫീസർ ഒരു കേസുകേട്ടു് അതിന്മേൽ തീരുമാനമെടുത്താൽ, ശിക്ഷിക്കപ്പെട്ടയാൾ അപ്പീൽകൊടുക്കുമ്പോൾ വീണ്ടും അതു് ഒരു തീരുമാനത്തിനായി എഡ്യൂക്കേഷൻ ആഫീസറെത്തന്നെ ചുമതലപ്പെടുത്തുന്നതു ശരിയല്ല. ഒരു കേസു തീരുമാനിക്കുന്ന ആൾതന്നെ അതിന്മേലുള്ള അപ്പീൽകേൾക്കുന്നതു സാധാരണമായി ആദ്യതീരുമാനത്തിൽ എത്തിച്ചേരാനുള്ള അവസരം നൽകുകയായിരിക്കും. മാത്രമല്ല ; അങ്ങനെ അപ്പീൽ തള്ളിയാൽ അതിന്മേൽ അപ്പീൽ കൊടുക്കാനുള്ള വ്യവസ്ഥ ഇതിലില്ല. ഒരാൾ കേസുകൊടുത്തു എൻക്വയറി നടത്തി, അപ്പീൽകൊടുത്താൽ, ആ അപ്പീൽ തള്ളിയാൽപ്പിന്നെ അപ്പീലിനു് അവസരം നൽകാത്തതു് ശരിയായ ഒരു നിയമമല്ല. അതുകൊണ്ടു് ഈ ഭേദഗതി സ്വീകരിച്ചു്, വ്യക്തമായി അപ്പീൽ ആരു കേട്ടു തീരുമാനിക്കണമെന്നു വ്യവസ്ഥചെയ്യണമെന്നു് ആവശ്യപ്പെടുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

Shri M. Narayana Kurup : Rules 84, 85 and 86 are unconnected.

Shri V. R. Krishna Iyer : Being a mere executive matter, I think we can drop without much injury Rules 84, 85, 86 and 87.

The amendment of the Minister for Law that in Chapter XIV A, Rules 84 to 87 be deleted was put and carried.

Shri M. Narayana Kurup : Sir, I move :—

"In Chapter XIV (A) Rule 89 after the word "authority" in line 3 add the following :

"either of its own motion or on application by the aggrieved party''.

Shri Joseph Mundasseri : I accept the amendment.

The amendment was put and carried.

Shri P. M. Joseph : Sir, I move the following amendments :—

"In Chapter XIV (B) delete Rule 2''.

സർ, ഈ റൂൾ ഡിലീറ്റ് ചെയ്യണമെന്നാണ് എന്റെ ഭേദഗതി. അദ്ധ്യാപകക്കു കുട്ടികളുമായിട്ടോ, അവരുടെ രക്ഷകർത്താക്കളുമായിട്ടോ, സ്കൂൾ അധികൃതരുമായിട്ടോ യാതൊരു പണംഇടപാടുകളും പാടില്ലെന്നാണ് ഇതിൽ പറയുന്നത്. അദ്ധ്യാപകർ സാധാരണ മനുഷ്യരാണ്, എപ്പോഴും കൈവശം പണം കാണുകയില്ല. അത്യാവശ്യം ഉണ്ടായാൽ അപ്പോൾ പണം വാങ്ങരുതെന്ന നിയമം ഉണ്ടാക്കിവയ്ക്കുന്നതു ശരിയല്ല. സുഖക്കേടുവന്നാൽ ആശുപത്രിയിൽ പോകുന്നതിനും, മറ്റു് അടിയന്തിരാവശ്യങ്ങൾ ഉണ്ടായാൽ അതു നിവ്വഹിക്കുന്നതിനും അവർക്കു മറ്റുള്ളവരുമായി പണംഇടപാടു നടത്താതെ സാധ്യമല്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അതിനു് കുട്ടികളോടു പണം കടം വാങ്ങണമെന്നുണ്ടോ ?

ശ്രീ. പി. എം. ജോസഫ് : അവർക്കു കൂടുതൽ ബന്ധം ഉള്ളവരോടേ ചോദിക്കുവാൻ സാധിക്കുകയുള്ളൂ. അവരോടു വാങ്ങാനായിരിക്കും സൗകര്യവും, സാദ്ധ്യതയുമുള്ളതു്. അതുകൊണ്ടു് ഈ റൂൾ ഡിലീറ്റ് ചെയ്യണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

Shri P. T. Chacko: "No teacher shall have pecuniary relations with any pupil or parent or guardian of a pupil or with the staff or establishments or managements of the school in which he is employed''.

ഇതിൽനിന്നും കുട്ടികളുടെ രക്ഷകർത്താക്കളിൽനിന്നോ കൂടെയുള്ള അദ്ധ്യാപകന്മാരിൽനിന്നോ മാനേജരിൽനിന്നോ കടം വാങ്ങാൻ പാടില്ലെന്നാണ് വരുന്നതു്. കുട്ടികളുടെ രക്ഷകർത്താക്കളില്ലാത്ത ആളുകൾ ആരുവിലുള്ളതായി കണ്ടെത്തുവാൻ കഴിയുകയില്ല. ഇങ്ങനെ റൂൾ എഴുതിവയ്ക്കുന്നതു് വളരെ അബ്സേഡ് ആണു്. അതുപോലെ പൈക്യൂനിയറി റിസ്ട്രിക്ഷൻസ് പാടില്ലെന്നു പറഞ്ഞാൽ എങ്ങനെയാണു് ഈ ലോകത്തു കഴിഞ്ഞുകൂടുന്നതു് ? ക്ലാസ്സിൽ പോകാൻ ഒരു ഷർട്ടു തച്ചതിനു് കൂലികൊടുക്കാൻ ചക്രം ഇല്ലെങ്കിൽ കടംവാങ്ങാൻ പാടില്ല എന്നെല്ലാം വന്നാൽ എങ്ങനെയാണു് കഴിഞ്ഞുകൂടുക ?

ശ്രീ. ഇടിക്കുള : ശ്രീ. പി. എം. ജോസഫ് അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു രണ്ടു വാക്കു സംസാരിക്കണമെന്നു് ആഗ്രഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

Shri V. R. Krishna Iyer: May I make one suggestion. It looks as if these conduct rules are a blend of the rules governing Government servants and the rules regulating the conduct of private school teachers. As a matter of fact, it may not be quite proper to apply some of the rules which are provided for government servants, to the aided school and private school teachers, I suggest, therefore, that this chapter should be reconsidered in that light, and if the House agrees, those of the rules applicable only to Government servants may be removed from this Chapter and we can confine ourselves to such of the rules as are binding to the teaching tribe as such.

11 A. M.

ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : ഗവണ്മെൻറ സ്കൂളിലായാലും ഒരു പൈപോലും കടം വാങ്ങാൻ പാടില്ലെന്നു പറയുന്നതു വളരെ കഷ്ടമല്ലേ?

Shri V. R. Krishna Iyer : That is a misunderstanding of the whole situation. As a government servant, he must have certain restrictions which may not apply to ordinary teachers as such. So, we can eliminate some of the clauses, which may be required only for Government School Teachers in their capacity as government servants, and many of the rigours such as pecuniary relations with pupil or parent or guardian and all that may probably be eliminated from the Chapter in that way. If the general concensus of opinion is that some of the clauses can thus be eliminated, I think this Chapter XIV B may be held over.

ശ്രീ. പി. ടി. ചാക്കോ : ഇതു് റൂളിൽ എഴുതി വച്ചപ്പോൾ ആലോചിച്ചു കൂടായിരുന്നോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഇതു എഴുതിവച്ചതു് വളരെക്കാലമായി ഇവിടെ തുടരുന്നതാണു്. ഇതുപോലെയും കാലം ഇവിടെ തുടർന്നിരുന്ന ചട്ടങ്ങളും ഞാൻ മനസിലാക്കിയാൽ കുറച്ചു് സഹിഷ്ണുത കാണിക്കണം. ആക്ഷേപം കണ്ടുപിടിക്കാൻ ഓരോന്നു പറയരുതു്. മാനേജ്മെൻറിനു അനുകൂലമായി പറഞ്ഞാൽ അദ്ധ്യാപകന്മാരെ തെരുവുതെണ്ടികളാക്കുന്നു എന്നുള്ള ആക്ഷേപം കൊണ്ടുവരിക, അതുപോലെ തന്നെ അദ്ധ്യാപകന്മാർക്കു അനുകൂലം ചെയ്യുമ്പോൾ മാനേജ്മെൻറിനു എതിരായി ചെയ്യുന്നുവെന്നു ആക്ഷേപം കൊണ്ടുവരിക, ഇതാണു് ഇവിടെ കാണുന്നതു്. ഇങ്ങനെ അന്യോന്യം ആക്ഷേപിക്കാനുള്ള ആയുധമായി ഇതിനെ എടുക്കരുതു്.

ശ്രീ. പി. ടി. ചാക്കോ : ഈ റൂൾ കൊണ്ടുവന്നപ്പോൾ തന്നെ അതെല്ലാം പരിശോധിച്ചു് കൊണ്ടു വന്നിരുന്നുവെങ്കിൽ കുറച്ചു് സമയവും പണവും ലാഭിക്കാമായിരുന്നു. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു്; അല്ലാതെ ആക്ഷേപിക്കാനല്ല. പണ്ടു ഉണ്ടായിരുന്നതാണു് ഇതു മുഴുവൻ എന്നു പറയുന്നതും ശരിയല്ല. കാൺസ്റ്റിറ്റ്യൂഷനിലെ വകുപ്പുകൾ കൂടി ഇതിൽ എഴുതിയിട്ടുണ്ടു്. അപ്പോൾ മുൻപുള്ളതു് വ്യത്യാസപ്പെടുത്തിയിട്ടുള്ളതാണു്. അങ്ങനെ എഴുതിക്കൊണ്ടുവന്നതിൽ ആക്ഷേപം വന്നപ്പോൾ അതു് അതുടനെയെങ്കിലും തലയിൽ വയ്ക്കാൻ നോക്കുന്നു. എവിടെയെങ്കിലും പഴയ അലമാരയിൽ കാണുന്നതെല്ലാം നിയമസഭയിൽ കൊണ്ടുവന്നു വയ്ക്കുന്നതും ശരിയല്ല. അപ്പോൾ അതു് പരിശോധിച്ചു് ആവശ്യമുള്ളതു് ഡീലിറ്റു് ചെയ്യാൻ സമ്മതിച്ചാൽ കാര്യങ്ങൾ പെട്ടെന്നു കഴിയും.

ശ്രീ. ഇടിക്കുള : വിദ്യാഭ്യാസനിയമത്തിനെതിരായി ഈ രാജ്യത്തു വളരെ പ്രക്ഷോഭണങ്ങൾ ഉയർന്നിട്ടുണ്ടു്. ഈ ചട്ടങ്ങൾ വരുമ്പോഴെങ്കിലും ആ പ്രക്ഷോഭണങ്ങൾ കുറയുമെന്നു വിചാരിച്ചു. എരിയുന്ന തീയിൽ എണ്ണയൊഴി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇടിക്കുള]

ക്കുന്നതുപോലെയുള്ള ചട്ടങ്ങളാണു് ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. അങ്ങനെ അദ്ധ്യാപകർക്കു പോലും ജീവിക്കാൻ നിവൃത്തിയില്ലാത്ത ചട്ടങ്ങളും, അവർക്കു ഒരു ഗ്ലാസു് കാപ്പിപോലും കുടിയായി കുടിക്കാൻ സാധിക്കാത്ത തരത്തിലുള്ള ചട്ടങ്ങളും, ഉണ്ടാക്കുന്നതു് ശരിയല്ല. അതു വളരെ തെറ്റാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : എനിക്കു കുറച്ചു അറിയാമുണ്ടു്.

ശ്രീ. ഇടിക്കുള : ഈ രാജ്യത്തെ മാനേജരന്മാർക്കും.....

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഒരു പായിന്റു് അഫു് ആർഡർ.

ഡെപ്യൂട്ടിസ്പീക്കർ : ആർഡർ, ആർഡർ.

ശ്രീ. ഇടിക്കുള : മാനേജരന്മാർക്കും വിദ്യാർത്ഥികൾക്കും അനുകൂലമായ ചട്ടങ്ങളും ഉണ്ടാക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ഡെപ്യൂട്ടിസ്പീക്കർ : ബഹുമാനപ്പെട്ട മെമ്പറന്മാർ പറയുന്നതു ശ്രദ്ധിക്കാതെ ഇങ്ങനെ പ്രസംഗിക്കുകയാണെങ്കിൽ അതൊന്നും പ്രസംഗത്തിൽ കാണുകയില്ല.

ശ്രീ. കെ. ഹസൻ ഗനി : ഇതിനു മുമ്പും ഇങ്ങനെയൊരു താക്കീതു് നൽകി. അങ്ങനെയാണെങ്കിൽ വിഷമമാണു്.

ഡെപ്യൂട്ടിസ്പീക്കർ : ഇവിടെ പറയുന്നതുകൂടി ശ്രദ്ധിച്ചുവേണം പ്രസംഗിക്കാൻ.

ശ്രീ. ഇടിക്കുള : ഈ രാജ്യത്തു നടക്കുന്നതെല്ലാം മനസ്സിലാക്കുന്നതുകൊണ്ടു് ഒരു രാജ്യസ്നേഹി എന്നുള്ള നിലയിൽ ആവേശമുണർന്നുപോയതാണു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഒരു രൂപം മാറിവച്ചുപ്പോൾ അടുത്ത രൂപത്തിനു ഭേദഗതി വരുമ്പോഴല്ലെ സംസാരിക്കാവു. അതാണു് ഞാൻ ചോദിക്കാൻ എഴുന്നേറ്റതു്.

Shri Joseph Mundasseri : I accept the suggestion of the hon. Law Minister and suggest that Part B of Chapter XIV be held over. We will examine and see which of the rules can be dropped.

Shri P. T. Chacko: This is one of the most important Chapters of these rules. So, why not the entire thing be held over ? Now we have held over so many rules and Chapters. So, I ask why not we hold over all chapters? Let the Minister go through, redraft them, make modifications required and bring them here. അതല്ലേ നല്ലതു്. ഇപ്പോൾ ഒരു ഭേദഗതി സ്വീകരിക്കുന്നതു് ആക്ഷേപമാണെന്നു തോന്നി, അതു പിന്നെ എഴുതിക്കൊണ്ടുവരാമെന്നു പറയുന്നു. ഇങ്ങനെ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ടു്. അങ്ങനെയാണെങ്കിൽ ബാക്കിയുള്ളതു മുഴുവൻ ഒന്നു പരിശോധിച്ചു് റീഡ്രാഫ്റ്റു് ചെയ്തുകൊണ്ടു വരട്ടെ. അപ്പോൾ വളരെ എളുപ്പമായിരിക്കുമല്ലൊ.

ഡെപ്യൂട്ടിസ്പീക്കർ : ഓരോന്നും ഡിസ്കസ് ചെയ്ത ശേഷമല്ലേ അതു തീരുമാനിക്കുന്നതു്.

ശ്രീ. പി. ടി. ചാക്കോ : അപ്പോൾ ഓരോന്നും ഡിസ്കസ് ചെയ്ത ശേഷം റീഡ്രാഫ്റ്റു് ചെയ്യുണ്ടിവരും.

ഡെപ്യൂട്ടിസ്പീക്കർ : അങ്ങനെയല്ലെങ്കിൽ ഡിസ്കസ് ചെയ്യുമ്പോൾ പിന്നെയും റീഡ്രാഫ്റ്റു് ചെയ്യുണ്ടിവരും.

